പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2682 19/12/2012-ൽ മറുപടിക്ക്.

# ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ. എം. ഹംസ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം; | (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ 15 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നു. അവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) അവയിൽ എത്ര എണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്; | (ബി) 1) കേരള കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡ് 2) കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് 3) കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡ് 4) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് 5) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്. |
| (സി) ഏതെല്ലാം ബോർഡുകളിലാണ് പെൻഷൻ ഉൾപ്പെടയുള്ള ആനുകൂല്യ വിതരണം മുടങ്ങിയിട്ടുള്ളത്; കാരണം വ്യക്തമാക്കുമോ; | (സി) സാമ്പത്തികമായി സുസ്ഥിരമായ ബോർഡുകളിൽ പെൻഷൻ കുടിശ്ശികയില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾക്ക് 2012 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഡിസംബർ വരെയുള്ള പെൻഷൻ കുടിശ്ശിക നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) 2012 നവംബർ 30 വരെയുള്ള കണക്ക് പ്രകാരം ഏറ്റവും കൂടുതൽ ആസ്തിയുള്ള ക്ഷേമനിധി ബോർഡ് ഏതാണ്; ആസ്തി എത്രയാണ് എന്ന് വ്യക്തമാക്കാമോ; | (ഡി) കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്. ആസ്തി 1115,32,20,622/- രൂപ. |

(ഇ) ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമനിധി ബോർഡ് ഏതാണ്;

(ഇ) കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ്.

(എഫ്) പ്രസ്തുത ബോർഡ് മുഖേന തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നത്; വിശദമാക്കുമോ;

(എഫ്) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമനിധി അംഗങ്ങൾക്കായി അതിവർഷാനുകൂല്യം, മരണാനന്തര സഹായം വിവാഹധനസഹായം, പ്രസവാനുകൂല്യം, ചികിത്സാധന സഹായം വിദ്യഭ്യാസ അവാർഡ് എന്നീ ക്ഷേമ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

(ജി) ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(ജി) സാമ്പത്തികമായി സുസ്ഥിരമായ ബോർഡുകളിൽ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകളിൽ, ബഡ്ജറ്റിൽ തുക വകയിരുത്തിയാണ് ആനുകൂല്യങ്ങൾ നൽകി വരുന്നത്. ബോർഡുകളുടെ ഏകീകരണവും പുന:സംഘടനേയും പറ്റി പഠിച്ച ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനം എടുത്തുവരുന്നു. ഇതിലെ തീരുമാനങ്ങൾ സർക്കാർ നടപ്പിലാക്കുന്നതോടുകൂടി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(എച്ച്) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് സെസ് ഇനത്തിൽ എത്ര രൂപയാണ് 2012 നവംബർ 30 വരെ ലഭിച്ചിട്ടുള്ളത്;

(എച്ച്) സെസ് ഇനത്തിൽ 737,94,41,830/- രൂപ ലഭിച്ചിട്ടുണ്ട്. 2012 ഏപ്രിൽ മുതൽ നവംബർ വരെയുള്ള സെസ് കളക്ഷൻ- 104,40,58,288/- രൂപയാണ്.

(ഐ) തൊഴിലാളികളുടെ അംഗത്വഫീസിനത്തിലും സ്ഥിരനിക്ഷേപങ്ങളിലെ പലിശയിനത്തിലും ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(ഐ) രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 4,49,65,275/- രൂപ ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ജെ) നിലവിലെ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നല്കിവരുന്നു.; | (ജെ) പെൻഷൻ, കുടുംബപെൻഷൻ, അവശതാപെൻഷൻ, വിവാഹധന സഹായം, പ്രസവധനസഹായം, ചികിത്സാധനസഹായം, മരണാനന്തര ധനസഹായം, അപകടമരണധന സഹായം, വിദ്യാഭ്യാസ ധനസഹായം, സ്കോളർഷിപ്പുകൾ, ക്യാഷ് അവാർഡുകൾ എന്നിവയാണ് പ്രധാനമായും വിവിധ ബോർഡുകൾ തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ. |
| (കെ) പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വർദ്ധിപ്പിക്കുമോ; എങ്കിൽ എത്രയായി വർദ്ധിപ്പിക്കും വിശദമാക്കാമോ ? | (കെ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

2) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

3) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ
വർക്കേഴ്സ് വെൽഫെയർ ബോർഡ്.

4) കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

5) കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

6) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

7) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്,

8) കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്,

9) കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

10) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ,

11) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്,

12) കേരള കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്

13) കേരള ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് തൊഴിലാളി ക്ഷേമ
നിധി ബോർഡ്,

14) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്,

15) കേരള ജുവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

[signature]
സെക്ഷൻ ഓഫീസർ